(സി) പൊതുവിതരണത്തിനുള്ള മണ്ണെണ്ണയും ഭക്ഷ്യസാധനങ്ങളും വിതരണത്തിനായി കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഉപയോഗിക്കുമ്പോൾ കൈമാറുന്ന സിഗ്നലുകൾ ഉപയോഗിച്ച് വാഹനങ്ങൾ സഞ്ചരിക്കുന്ന ദിശ മനസ്സിലാക്കാനും ഇവ കൃത്യസ്ഥലത്ത് തന്നെയാണെത്തുന്നത് എന്ന് ഉറപ്പുവരുത്താനും കഴിയും.

(ഡി) പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഏജൻസികളെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മാവേലിസ്റ്റോർ

221 (1255) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മാവേലി സ്റ്റോറുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ.യും മുനിസിപ്പാലിറ്റിയും നൽകിയ അപേക്ഷയിന്മേൽ എന്തുനടപടി സ്വീകരിച്ചു ; വിശദമാക്കുമോ ;

(ബി) പ്രസ്തുത മാവേലിസ്റ്റോറുകൾ എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ 4 സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി ആറ്റിങ്ങൽ നഗരസഭ നൽകിയ അപേക്ഷ 6-12-2014-ൽ സപ്ലൈകോയിൽ ലഭിക്കുകയും പ്രസ്തുത അപേക്ഷയിന്മേൽ സാധ്യതാ പഠനംനടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം മേഖലാ മാനേജർക്ക് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. സാധ്യതാപഠനറിപ്പോർട്ട് പ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് മാത്രമാണ് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുയോജ്യമായി കാണുന്നത്. അതുപ്രകാരം അവനവഞ്ചേരി ഗ്രാമമുക്ക് എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന് സപ്ലൈകോയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കണമെന്ന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് ആറ്റിങ്ങൽ ഡിപ്പോയിൽനിന്ന് കത്തയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഇതുസംബന്ധിച്ച് മറുപടി ഒന്നും ലഭിച്ചിട്ടില്ല. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽനിന്നുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത മറുപടിയുടേയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly